ഉത്തരം

(എ) ഇല്ല.

(ബി)

എ.ആർ. ക്യാമ്പ്	2008	2009	ആകെ തുക
കോഴിക്കോട് സിറ്റി	Rs.5,738	Rs.4,697	
കോഴിക്കോട് റൂറൽ	Rs.12,574	Rs.3,859	
ആകെ	Rs.18,312	Rs.8,556	Rs. 26,868

(സി) ബൂത്തിന്റെ ഉപയോഗവും വരുമാനവും കുറഞ്ഞതുകൊണ്ട്

(ഡി) കോഴിക്കോട് സിറ്റി എ.ആർ. ക്യാമ്പിൽ 17-6-2010-ലും കോഴിക്കോട് റൂറൽ ക്യാമ്പിൽ 30-4-2010-ലും പ്രവർത്തനം നിറുത്തിയിട്ടുണ്ട്.

(ഇ) മൊബൈൽ ഫോൺ സാർവ്വത്രികമല്ലാതിരുന്ന 1996 മുതൽ പോലീസുകാരുടെ ക്ഷേമപ്രവർത്തനത്തിനുവേണ്ടി ലാഭേച്ഛ കൂടാതെ പ്രവർത്തനം തുടങ്ങിയ ബൂത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി നിയമിച്ചിരുന്നതാണ്.

പോലീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം

56 (4668) ശ്രീ. വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ട് എത്ര വർഷമായി ;

(ബി) പോലീസിൽ സ്പോർട്സ് ക്വാട്ടയിൽ എത്ര കായിക താരങ്ങളെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1997-ലാണ് കേരള പോലീസ് സ്പോർട്സ് ക്വാട്ടയിൽ അവസാനമായി നിയമനം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 30-3-2010-ലെ ജി.ഒ. (ആർ.ടി) നമ്പർ 1154/2010/ആഭ്യ. ഉത്തരവ് പ്രകാരം, പോലീസ് വകുപ്പിൽ ആംഡ് പോലീസ് ബറ്റാലിയനിൽ ഹവീൽദാർമാരായി താഴെപ്പറയുന്ന കായിക വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

അത്‌ലറ്റിക്സ്	-	20
ഫുട്ബോൾ	-	20
വോളിബോൾ	-	12
ബാസ്കറ്റ്ബോൾ	-	12

പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് നടപടി

57 (4671) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഇതിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ തദ്ദേശസ്ഥാപനം ഒരുക്കണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ ഒരു മുൻഗണനാ പട്ടിക അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സജ്ജമാക്കിത്തരുന്ന മുറയ്ക്ക് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതാണ്.

(ബി) പുതുതായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാപ്പട്ടികയിൽ ക്രമനമ്പർ 36 ആയി കൊണ്ടോട്ടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ഗ്യാരേജ് ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങളും തദ്ദേശസ്ഥാപനം ഒരുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly